## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2368 | 23.01.2014-ൽ മറുപടിക്ക്

### വാളയാർ, അമരവിള ചെക്ക് പോസ്റ്റുകളുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.. കെ.വി.വിജയദാസ്, എം.എൽ.എ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാളയാർ, അമരവിള ചെക്ക്പോസ്റ്റുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; ആയത് എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വാളയാർ, അമരവിള ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വാഹന പരിശോധനയിലെ കാലതാമസം, ഗതാഗതക്കുരുക്ക് എന്നിവ ഒഴിവാക്കുകയും പരിശോധന കാര്യക്ഷമമാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി അമരവിളയിൽ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തിലേക്ക് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം TIN/PIN ഡീലർ മാരുടെ മൊബൈൽ ഫോണിൽ alert message SMS ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തി. ചരക്കുകൾ ചെക്ക് പോസ്റ്റിലേക്ക് എത്തുന്നതിന് മുമ്പുതന്നെ വ്യാപാരി സമർപ്പിക്കുന്ന രേഖകളിലെ വിവരങ്ങൾ ശേഖരിക്കാനും, വിവിധ ചെക്ക്പോസ്റ്റുകൾ വഴിയുള്ള ചരക്ക് നീക്കം സംബന്ധിച്ച കാര്യങ്ങൾ പരസ്പരം പരിശോധിക്കാനും കഴിയുന്ന തരത്തിൽ ഒരു സംയോജിത ചെക്ക് പോസ്റ്റ് ഡാറ്റാ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി. വാളയാറിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. സ്ഥലം ഏറ്റെടുത്തതിന് ശേഷം സംയോജിത ചെക്ക്പോസ്റ്റ് സമ്പ്രദായം നടപ്പിലാക്കാനുള്ള |

<table>
<tr><td></td><td></td><td></td><td>പദ്ധതികൾ ആരംഭിക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനത്തിന്റെ കാര്യത്തിൽ സർക്കാർ വന്നതിനു ശേഷമുള്ള സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കാമോ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?</td><td>(ബി)</td><td>
<table>
<tr><td></td><td>Amaravila (Rs.in crores)</td><td>Walayar (Rs.in crores)</td></tr>
<tr><td>2011-2012</td><td>33.05</td><td>171.12</td></tr>
<tr><td>2012-2013</td><td>42.60</td><td>213. 50</td></tr>
<tr><td>2013-&2014 (Upto (31.12.2013)</td><td>27.60</td><td>159.73</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ